12/1/23


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 620*(2)/2020*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5241** /*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മനോഹരൻ നായർ,**
**വസന്താലയം, ചരിവുവിള,**
**കിടയറക്കോണം, വെൺപകൽ പി.ഒ.,**
**പിൻ – 695 123.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക്**
   **മെഡിക്കൽ കോളേജ്, നേമം,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി&**
   **പ്രിൻസിപ്പൽ,**
   **ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക്**
   **മെഡിക്കൽ കോളേജ്, നേമം,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.11. 2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.12. 2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23.01. 2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24.02.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.05. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.05. 2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, **കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം.** |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മനോഹരൻ നായർ, 18.05.2020ന്

സമർപ്പിച്ച അപ്പീൽ ഹർജി 21.05.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.620(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കു തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്നാണ്.

3. ഹർജിക്കാരൻ 27.11.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തിരുവനന്തപുരം ഹോമിയോപതിക് മെഡിക്കൽ കോളേജ് ബോർഡ് പ്രസ്തുത മെഡിക്കൽ കോളേജിനെ ശ്രീ.വിദ്യാധിരാജ വിദ്യാസമാജത്തിന് കൈമാറിക്കൊണ്ടുള്ള തീരുമാനം സർക്കാർ അംഗീകരിച്ച് ഉത്തരവായ 14.12.1978 മുതൽ പ്രസ്തുത കോളേജിൽ നേരിട്ടു ശമ്പളം നൽകുന്നതിനുള്ള കരാർ ഒപ്പിട്ട 21.06.2003വരെ ടി കോളേജിൽ നടന്ന നിയമനങ്ങളും അതു നടത്തിയതിന്റെ ആധികാരികതയും നിയമ സാധുതയും സംബന്ധിച്ച് ചില വിവരങ്ങളാണ്.

ആയതിന് 28.12.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

ചോദ്യം 1, 2, 4, 5 6 എന്നിവ സംബന്ധിച്ച് 3672/78/HD/dt 14/12/1975 ഓർഡർ & Bye-Law ഓഫീസിൽ നിന്നും ലഭ്യമായെങ്കിലും പ്രസ്തുത ഓർഡർ& Bye-Law ഇപ്പോഴും പ്രാബല്യത്തിലുണ്ടോ എന്നത് വ്യക്തമല്ലെന്നുമാണ്. 1978 കാലഘട്ടത്തിൽ കോളേജിൽ ഡിപ്ലോമ കോഴ്സാണ് നടത്തിയിരുന്നത് എന്നതുകൊണ്ടും ശേഷം 2003 കാലയളവിൽ ഡിഗ്രി കോഴ്സ് ആയതിനാലും 2001ലെ യൂണിവേഴ്സിറ്റി ആക്ട് നിലനിൽക്കുന്നതുകൊണ്ടും വ്യക്തമായ ഒരുത്തരം നൽകാൻ സാധിക്കുന്നില്ലെന്നും പ്രസ്തുത ചോദ്യം കോളേജിന്റെ ലീഗൽ അഡ്വൈസറിന്റെ ഒപ്പീനിയന് വിട്ടിട്ടുണ്ടെന്നും മറുപടി കിട്ടുന്ന മുറയ്ക്ക് ടിയാനെ അറിയിക്കുമെന്നുമാണ്.

3) ഇപ്പോൾ പ്രാബല്യത്തിലില്ലെന്നും

7) 21.06.2003 ആണെന്നും

7(a) Secretary, SVVS&Secretary to Health&Family Welfare

8) 21.06.2003 മുമ്പുള്ള പല രേഖകളും ഈ ഓഫീസിൽ നിന്നും നഷ്ടമായ സാഹചര്യത്തിൽ മുഴുവൻ പേരുടേയും വിവരങ്ങൾ നൽകാൻ സാധിക്കുകയില്ല എന്നാണ്.

8 (1) പകർപ്പ് ഓഫീസിൽ ലഭ്യമല്ലെന്നും

8 (2), (3), (4) എന്നിവയ്ക്ക് enclosed (Single List)

ചോദ്യം 9, 10,11 എന്നിവയ്ക്കുള്ള മറുപടി കോളേജ് ഓഫീസിൽ ലഭ്യമല്ലെന്നും ടി ചോദ്യങ്ങൾ കോളേജ് മാനേജർ(കോളേജ് അധികാരി)ക്ക് അയച്ചിട്ടുണ്ടെന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ടിയാനെ അറിയിക്കുന്നതാണെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 24.02.2020ന് മറുപടി നൽകിയിട്ടുണ്ട്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അക്ഷേയിലെ 1, 2, 4, 5, 6 എന്നീ ഇനങ്ങൾ സംബന്ധിച്ച് ലീഗൽ ഒപ്പിനിയന് അയച്ചിട്ടുണ്ടെന്ന് മറുപടി നൽകിയതല്ലാതെ ടിയാന് വിവരം നൽകിയതായി കാണുന്നില്ലെന്നും കൂടാതെ ക്രമനമ്പർ 7(a)യ്ക്ക് തെറ്റായ മറുപടിയാണ് നൽകിയതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

5 മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**